super notes. by CIVILIANZ
+91 8281 223 366

# ഗാർഹിക പീഡന നിരോധന നിയമം

പാർലമെന്റ് പാസാക്കിയത് - **2005**

പ്രസിഡന്റ് ഒപ്പുവെച്ചത് - **2005** സെപ്റ്റംബർ **13**

നിലവിൽ വന്നത് - **2006** ഒക്ടോബർ **26**

ഈ നിയമത്തിൽ ആകെ **5** അദ്ധ്യായങ്ങൾ **37** സെക്ഷനുകൾ

## സംരക്ഷണം ആർക്ക്

**1.** ഒരു വീട്ടിലുള്ള രക്തബന്ധത്തിൽ പെടുന്നതോ വിവാഹം വഴിയുള്ള ബന്ധത്തിൽ പെടുന്നതോ ദത്ത് ബന്ധത്തിൽ പെടുന്നതോ ആയ പുരുഷനാൽ പീഡിപ്പിക്കപ്പെടുന്ന എല്ലാ സ്ത്രീകൾക്കും (വിധവകളും കുട്ടികളും അടക്കമുള്ള) ഈ നിയമപ്രകാരം സംരക്ഷണം ലഭിക്കും

**2.** ഗാർഹിക പീഡന നിരോധന നിയമപ്രകാരം ഒരു സ്ത്രീക്ക് ഒരു വീട്ടിലുള്ള ഏതൊരു പ്രായപൂർത്തിയായ അംഗത്തിന് എതിരായും ഭർത്താവിന്റെ അല്ലെങ്കിൽ പുരുഷ പങ്കാളിയുടെ ബന്ധുക്കൾക്ക് എതിരായും പരാതി നൽകാവുന്നതാണ്

**3.** നിയമപരമായി അല്ലെങ്കിലും വിവാഹസമാനമായ ബന്ധത്തിൽ **(Living together)** ഒരു വീട്ടിൽ കഴിയുന്ന പുരുഷനിൽ നിന്ന് പീഡനം നേരിടുന്ന സ്ത്രീകൾക്കും ഈ നിയമത്തിൻറെ സംരക്ഷണം ലഭിക്കും

**4.** ഗാർഹിക പീഡന നിരോധന നിയമപ്രകാരം ഭർത്താവിന് / പുരുഷന് പരാതി നൽകുന്നതിന് വ്യവസ്ഥയില്ല

**5.** ഗാർഹിക പീഡന നിരോധന നിയമപ്രകാരം മരുമകൾക്ക് എതിരായി കേസ് നൽകാൻ അമ്മായിയമ്മയ്ക്ക് കഴിയുമോ - കഴിയും

ഗാർഹിക പീഡന നിരോധന നിയമത്തിൽ പ്രതിപാദിപ്പിക്കുന്ന മജിസ്ട്രേറ്റ് - ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്

WHATSAPP TELEGRAM INSTAGRAM YOUTUBE

ഗാർഹിക പീഡന നിരോധന നിയമപ്രകാരം പീഡനത്തിനിരയാകുന്ന വർക്ക് പരാതിയുമായി സമീപിക്കാവുന്നതാണ് ആരെയാണ് - സംരക്ഷണ ഉദ്യോഗസ്ഥൻ / സേവന ദാതാവ് / പോലീസ് ഉദ്യോഗസ്ഥൻ / മജിസ്ട്രേറ്റ്

ഗാർഹിക പീഡന നിരോധന നിയമപ്രകാരം ഗാർഹിക സംഭവങ്ങൾ **Domestic Incidents Report** തയാറാക്കേണ്ടത് ആരാണ് –

**a)** പോലീസ് ഉദ്യോഗസ്ഥൻ

**b)** സേവന ദാതാവ്

**c)** മജിസ്ട്രേറ്റ്

**d)** സംരക്ഷണ ഉദ്യോഗസ്ഥൻ

**Answer -b and d**

<u>പ്രൊട്ടക്ഷൻ ഓഫീസർ ആയി നിയമിക്കുന്നത്</u>

**a)** സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻ

**b)** സർക്കാർ ഇതര സംഘടനാ പ്രതിനിധികൾ

**c)** രജിസ്റ്റർ ചെയ്ത സേവനദാതാക്കളുടെ പ്രതിനിധി

ഈ വ്യക്തിക്ക് ഒരു **Public servant** ന്റെ **status** ഉണ്ടായിരിക്കും

<u>പ്രൊട്ടക്ഷൻ ഓഫീസർക്ക് വേണ്ട യോഗ്യത</u>

**a)** സർക്കാർ ഉദ്യോഗസ്ഥരോ സന്നദ്ധ സംഘടനാ പ്രതിനിധികളോ ആകാം

**b)** സാമൂഹിക രംഗത്ത് **3** വർഷത്തെ പരിചയം ഉണ്ടായിരിക്കണം

**c)** കാലാവധി കുറഞ്ഞത് മൂന്ന് വർഷം ആയിരിക്കണം

**d)** വനിതകൾക്ക് മുൻഗണന നൽകണം

അദ്ധ്യായം **1 - Introduction**

അദ്ധ്യായം രണ്ട് - വകുപ്പുകൾ

അദ്ധ്യായം മൂന്ന് - പ്രൊട്ടക്ഷൻ ഓഫീസർ , സേവനദാതാക്കൾ ഇവരുടെ ചുമതലകളെക്കുറിച്ച് പ്രതിപാദിക്കുന്നു

അദ്ധ്യായം **4** - മജിസ്ട്രേറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കുന്ന നടപടികൾ അദ്ധ്യായം **5** - മറ്റുള്ളവ

<u>തന്നിരിക്കുന്ന പ്രസ്താവനകൾ രണ്ടും ശരിയാണ്</u>

**1.** ഗാർഹിക പീഡന നിയമപ്രകാരം മജിസ്ട്രേറ്റിന് മുന്നിൽ വരുന്ന പരാതിയിൽ മേൽ വാദം കേൾക്കേണ്ടത് മൂന്ന് ദിവസത്തിലധികം ആകരുത്.

**2.** ഗാർഹിക പീഡന നിയമത്തിലെ വകുപ്പ് **12(1)** പ്രകാരമുള്ള പരാതികൾ

ആദ്യ വിചാരണ തീയതി മുതൽ **60** ദിവസത്തിനകം പൂർത്തിയാക്കണം.

ഗാർഹിക പീഡന നിയമപ്രകാരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് പുറപ്പെടുവി ക്കാവുന്ന ഉത്തരവുകൾ

**1.** സംരക്ഷണ ഉത്തരവുകൾ

**2.** താമസ സൗകര്യത്തിനുള്ള ഉത്തരവുകൾ,

**3.** സാമ്പത്തിക പരിഹാരം

**4.** നഷ്ടപരിഹാര ഉത്തരവുകൾ

**5.** കസ്റ്റഡി ഉത്തരവുകൾ

**6.** ഇടക്കാല എക്സ്പാർട്ടി ഉത്തരവുകൾ

മജിസ്ട്രേറ്റ് ഉത്തരവിൽ തൃപ്തി അല്ലെങ്കിൽ **30** ദിവസത്തിനകം അപ്പീൽ പോകണം